## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 1 10.06.2013-ൽ മറുപടിക്ക്

### പൊതുഭരണത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.പി.കെ.ബഷീർ** | **ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി)** |
| (എ) പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന്റെ ഭാഗമായി, സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ മുഖാന്തിരം സർക്കാർ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'കേരള സേവനാവകാശ നിയമം 2012' 01.11.2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ എല്ലാ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളും അതാത് വകുപ്പ്/ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശരേഖ ഓഫീസുകളുടെ മുന്നിൽ എഴുതി പ്രദർശിപ്പിക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം നടപ്പാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും |

23.09.2011-ലെ നമ്പർ. 9219/എ.ആർ.12(1)/2011/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. **"100 ദിന പ്രോഗ്രാമിൽ"** ഉൾപ്പെടുത്തി 2011 ജൂലായ് മാസം മുതൽ ആഗസ്റ്റ് മാസം വരെ **"തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി"** യിലൂടെ കെട്ടിക്കിടന്ന ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, നിലവിലുള്ള രീതികൾ കാലോചിതമായി പരിഷ്കരിച്ച് ഡി.ഡി.എഫ്.എസ്., ഇ-ഓഫീസ് തുടങ്ങിയ ശാസ്ത്രീയ സംവിധാനങ്ങൾ മുഖേന അപേക്ഷകളും ഫയലുകളും സമയ ബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. പൊതുഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സർക്കാർ സ്ഥാപനമായ ഐ.എം.ജി. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്) മുഖേന വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകൾ കാലാകാലങ്ങളിൽ നൽകി വരുന്നുണ്ട്. അഴിമതി വെളിച്ചത്ത് കൊണ്ടു വരുവാൻ സഹായിക്കുന്നവർക്ക് സംരക്ഷണവും റിവാർഡും നൽകുന്നതിനായി "വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി" എന്ന പേരിൽ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

| | |
|---|---|
| (ബി) ഭരണപരിഷ്കാരത്തിന് ശുപാർശകൾ സമർപ്പിക്കാൻ നിയോഗിച്ച ഭരണ പരിഷ്കാര കമ്മീഷനുകളുടെ ശുപാർശ | (ബി) മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ 9,14,15 റിപ്പോർട്ടുകളിലെ ശുപാർശകൾ ഇനിയും നടപ്പാക്കാനുണ്ട്. (കേന്ദ്ര ഗവൺമെന്റിന്റെ രണ്ടാം |

കളിൽ ഇനിയും നടപ്പാക്കാനുള്ള പ്രധാന ശുപാർശകളെന്തെല്ലാമെന്ന വ്യക്തമാക്കുമോ;

ഭരണ പരിഷ്കാര കമ്മീഷന്റെ 15-ാമത് റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് 27.03.2013 ന് അയച്ചു കൊടുത്തിട്ടുണ്ട്).

(സി) തീരുമാനങ്ങളെടുക്കുന്നതിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാൻ കൂടുതൽ അധികാരങ്ങൾ സെക്രട്ടേറിയറ്റ് തലത്തിൽ നിന്നും വികേന്ദ്രീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം വകുപ്പ് തലവന്മാരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ ഉയർത്തി ഡെലിഗേഷൻ ഓഫ് പവ്വേഴ്സ് വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.